# പൾസ്

**ഒരു അമൃത ഹൈസ്ക്കൂൾ പ്രസിദ്ധികരണം**



# പൾസ്


ഒരു അമൃത ഹൈസ്കൂൾ പ്രസിദ്ധീകരണം

## ഉള്ളടക്കം


ആട് ഒരു ജീവിതം
പ്രളയം
**സൗഹൃദം**
കാർഷികരംഗം
കുടുംബം
ഞാൻ ഒരുപക്ഷി
അഗസ്ത്യാർകൂടം
കായികം
മാലിന്യം
ഡൽഹി മലിനീകരണം
കുഞ്ഞുണ്ണിമാഷ്
പുരാണം -പുസ്തക നിരൂപണം
നിപ്പ
കാടെവിടെ മക്കളെ
വംശനാശം
വൈക്കം മുഹമ്മദ് ബഷീർ
അന്തരീക്ഷമലിനീകരണം
വിവേകം
എന്റെ ബാല്യം
ബാലവേല


അമ്മയ്ക്ക് പ്രണാമം.........









AMRITA HIGH SCHOOL
Moolavattom P.O KOTTAYAM
Ph:0481 2341823 ,2342990
E mail : amritahsktm@gmail.com
amritahsktm@rediffmail.com

# പൾസ്

ഒരു അമൃത ഹൈസ്ക്കൂൾ പ്രസിദ്ധീകരണം



പ്രിയമുള്ളവരേ ,

കമ്പ്യൂട്ടറിന്റെ അതി നൂതന സാങ്കേതിക വിദ്യകളിൽ കുട്ടികൾക്ക് പരിശീലനം നൽകുന്നതിന് വേണ്ടി,വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് "ലിറ്റിൽ കൈറ്റ്സ്".ഇതുപോലുള്ള പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ ആത്മ വിശ്വാസം വളർത്താനും,ഈ കമ്പ്യൂട്ടർ യുഗത്തിൽ എല്ലാ പ്രായോഗിക വശങ്ങളും നേടിയെടുക്കാനും കുട്ടികൾക്ക് സാധിക്കുന്നു. നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഈ കൂട്ടായ്മയുടെ നേതൃത്തത്തിൽ പ്രസിദ്ധീകരിക്കുന്ന ഡിജിറ്റൽമഗസിൻ,"പൾസ് " ന എല്ലാ ഭാവുകങ്ങളും നേരുന്നു. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച അധ്യാപകരെയും വിദ്യാർത്ഥികളെയും അനുമോദിക്കുന്നു .

ആശംസകളോടെ,

ജാൻസി എം ആൻഡ്രൂസ്

ഹെഡ്മിസ്ട്രസ്


## എഡിറ്റോറിയൽ ബോർഡ്

കാർത്തികമോൾ പി .എസ് .
ലൂമിന ലത്തീഫ്
ശ്രീലക്ഷ്മി വി എ
ഗായത്രി ജി കൃഷ്ണ
ശരണ്യമോൾ എസ്
അഭിരാമി പ്രസാദ്
കൃഷ്ണ പ്രസാദ്
അംബിക
സ്നേഹ പ്രശാന്ത്
ശ്രീലക്ഷ്മി കെ സജി
യദു വി അനിൽകുമാർ
അഭിനന്ദ് സജി
അരുൺ പ്രകാശ്
യദു ഷെജി
ഗണേഷ്.ആർ
മഹാലക്ഷ്മി.പി.എസ്

# വിദ്യാലയ ചരിത്രം

കോട്ടയം **ജില്ലയിൽ** , കോട്ടയം നഗരസഭക്കുള്ളിൽ , മൂലവട്ടം അമൃത ഹൈസ്കൂൾ നിലകൊള്ളുന്നു . 1931 ൽ **ശ്രീ.** മാധവൻ നായർ എന്ന മഹത് **വ്യകതിയാൽ** സ്ഥാപിതമായ ഈ വിദ്യാലയം പിന്നീട് വി .ഐ . മാത്തൻസ് ഹൈസ്കൂൾ എന്നും ചിന്മയ വിജ്ഞാനമന്ദിർ ഹൈസ്കൂൾ എന്നും അറിയപ്പെട്ടു .2010 മുതൽ അമൃത ഹൈസ്കൂളായി അറിയപ്പെടുന്നു . നവതിയോട് അടുക്കുന്ന ഈ വിദ്യയാലയത്തിൽ , **ഇംഗ്ലീഷ്** മലയാളം മീഡിയങ്ങളിലായി അറുന്നൂറോളം വിദ്യാർത്ഥി വിദ്യാർത്ഥിനികൾ പഠിക്കുന്നു. ഭൗതിക സാഹചര്യങ്ങളെല്ലാം ഒത്തിണങ്ങിയതും പ്രകൃതിയുടെ സൗന്ദര്യം ആവോളം ലഭിക്കുന്നതുമായ സുന്ദരവിദ്യാലയമാണ് അമൃത ഹൈസ്കൂൾ പഠനത്തോടൊപ്പം , പാഠ്യേതര പ്രവർത്തനങ്ങൾക്ക് ഏറ്റവും പ്രാധാന്യം നൽകുന്നു ഈ വിദ്യാലയം . ഗവ. ഗസ്റ്റ്ഹൗസ്, പനച്ചിക്കാട് സരസ്വതി ക്ഷേത്രം, കൊട്ടാരത്തിൽ ശങ്കുണ്ണി സ്മാരകം , പാക്കനാർ പ്രതിഷ്ഠ നടത്തിയ പാക്കിൽ ധർമ്മശാസ്താ ക്ഷേത്രം,നാട്ടകം പോർട്ട് - ഇവയൊക്കെ ഈ വിദ്യാലയത്തിന്റെ തൊട്ടടുത്ത് തന്നെ ആണ് .



# ആടുജീവിതം

ഇത് ഒരു നോവലല്ല . ഒരു വ്യക്തിയുടെ ജീവിതമാണ് . വർഷങ്ങൾക് മുൻപ് കൊല്ലത്തുനിന്നും ഗൾഫിൽ ജോലിക്കുപോയ "നജീബ് " എന്ന ചെറുപ്പക്കാരന്റെ ജീവിതകഥയാണ് ആഗ്രഹങ്ങളും മോഹങ്ങളും ഉള്ളിൽ ഒതുക്കി അറബിയുടെ നാട്ടിൽ നിന്ന് പൊന്നും പണവും കൊണ്ടുവരാമെന്ന് മോഹിച്ച വിമാനം കയറുന്ന എല്ലാമലയാളിക്കും ഇത് ഒരു ഗുണപാഠമാണ്

അറബിയുടെ നാട്ടിൽ വിമാനം ഇറങ്ങിയനജീബ് മറ്റെല്ലാവരെയും പോലെ തന്റെ അറബിനെ കാത്തുനിൽക്കുന്നു . മണിക്കൂറുകൾക്ക്ശേഷം നജീബ് ചെന്നുപെട്ടത് ഒരു ആട്ടിൻകൂട്ടത്തിലാണ് ആഹാരവും , വസ്ത്രവും , വെള്ളവുമില്ലാതെ ആടുകളോടൊപ്പം ജീവിച്ച ആഹാരം കഴിച് ആടായ്മാറി താടിയും മുടിയും നഖവും വളർന്ന് വർഷങ്ങൾ തള്ളിനീക്കി അക്ഷരാർത്ഥത്തിൽ യാതൊരു കാരാഗൃഹവാസത്തെക്കാളും കഠിനമായതായിരുന്നു .

ഒരിക്കൽ അവിടെ നിന്നും മരുഭൂമിവഴി ഓടി റോഡിൽ ഇറങ്ങിയ നജീബ് അറബിജെയ്‌ലിൽ ആകുന്നു . മുസ്‌ലീങ്ങളുടെ നോമ്പുകാലത്ത് പൊതുമാപ്പ്കൊടുക്കുന്ന സമയത്ത് നജീബ് തിരിച്ചിന്ത്യയിലേക്കുവരുന്നു .

ഒരു മനുഷായിസിൽ ഒരു മനുഷ്യജീവിയും അനുഭവിക്കാത്ത ജീവിതാനുഭവം അനുഭവിച്ച നജീബ് , തന്റെ കഥ നോവലിസ്റ്റ് ബന്യാമിനോട് പറയുന്നു . അദ്ദേഹം അത് വളരെ ഭംഗിയായി ഒരു കഥാപാത്രത്തെ എഴുതി ഫലിപ്പിച്ചതാണ് "ആടുജീവിതം " എന്ന നോവൽ . ഈ നോവൽ വായിച്ചുതീരുമ്പോൾ നമുക്ക് മനസിലാകുന്നത് ഇതാണ് വിമാനത്താവളത്തിന് വെളിയിലേക്ക് കൂളിംഗ് ഗ്ലാസ്സും വെച് പെർഫ്യൂം അടിച്ച ഇറങ്ങിവരുന്ന കൂട്ടുകാരെയാണ് നമ്മൾ കണ്ടിരിക്കുന്നത് . പക്ഷെ അവരുടെ ജോലിസ്ഥലങ്ങളിൽ അനുഭവിക്കുന്ന യാതനകൾ നേരിട്ടറിഞ്ഞാൽ ഒരു ഗൾഫുകാരെന്റെയും ഒരു പാരിതോഷികങ്ങളും നമ്മൾ സ്വീകരിക്കില്ല

അലെൻ രതീഷ്
7 A

# പ്രളയം

അതിശക്തമായ മഴയെത്തുടർന്ന് കേരളത്തിലെ മിക്ക ജില്ലകളിലും വെള്ളപ്പൊക്കവും മലയോര മേഖലകളിൽ ഉരുള്പൊട്ടലുമുണ്ടായി അണകെട്ടുകളിലെ ജലനിരപ്പ് ക്രമാതീതമായി ഉയർന്നതോടെ അവയുടെ ഷട്ടറുകൾ തുറന്നുവിട്ടത് വെള്ളപ്പൊക്കത്തിന്റെ ആഘാതം വർദ്ധിപ്പിച്ചു. ചരിത്രത്തിലാദ്യമായാണ് കേരളത്തിലെ 54 അണക്കെട്ടുകളിൽ 35 എണ്ണം തുറന്നെവിടേണ്ടിവന്നത്. 26 വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് ചെറുതോണി അണക്കെട്ടിന്റെ 5 ഷട്ടറുകൾ ഒരുമിച്ച് തുറന്നത്. അതിശക്തമായ മഴയിൽവയനാട് ജില്ലാപൂർണമായും ഒറ്റപെട്ടുവെന്നു പറയാം .നദികൾ കരകവിഞ്ഞൊഴുകിയത് റോഡ്, റെയിൽ, വ്യോമ ഗാതാഗത ശൃംഖലകളെ പ്രതികൂലമായി ബാധിച്ചു. തൊണ്ണൂറ്റിയൊമ്പതിലെ വെള്ളപൊക്കമെന്നറിയപ്പെടുന്ന 1924 -ലെ പ്രളയത്തിനുശേഷം കേരളത്തിൽ ഉണ്ടായ ഏറ്റവും വലിയ പ്രളയമെന്നാണ് 2018 -ലെ വെള്ളപ്പൊക്കം

വിശേഷിപ്പിക്കപ്പെടുന്നത്.

കാലവർഷം ശ്കതമായ ഓഗസ്റ്റ് 21 ന്

3,91 ,494 ലക്ഷം കുടുംബങ്ങളിൽ നിന്നായി

14,50,707 ആളുകൾ ദുരിതാശ്വാസ

ക്യാമ്പുകളിൽ ജീവിക്കേണ്ട അവസ്ഥയിലെത്തി

കേരളത്തിലെ 14 ജില്ലകളിലും അതീവ ജാഗ്രതാ മുന്നറിയിപ്പ് പ്രഖ്യാപിച്ചു.വെള്ളപ്പൊക്കത്തെ തുടർന്ന് ലോകമെമ്പാടുമായി വിവിധ രാജ്യങ്ങളിൽ നിന്നും സംഘടനകളിൽ നിന്നും വ്യക്തികളിൽ നിന്നുമായി നിരവധി സഹായ വാഗ്ദാനങ്ങളാണ് കേരളത്തിന് ലഭിച്ചുകൊണ്ടിരിക്കുന്നത്.

എന്നാൽ വിദേശ സഹായങ്ങൾ സ്വീകരിക്കുന്നതിൽ വിമുഖത കാണിച്ചു. ഇത് രാജ്യമെമ്പാടുമായി കേന്ദ്ര ഗവൺമെന്റിനെതിരെ വലിയ വിമർശനങ്ങൾക്ക് വഴിതെളിച്ചു.





അഭിരാം എസ് ആർ

9B

# സൗഹൃദത്തിന്റെ പ്രാധാന്യം



"ആഗ്രഹിക്കാത്ത നേരത്ത്

വന്നു ചേരുന്ന

സൗഭാഗ്യമാണ് സുഹൃത്ത്. "

“നഷ്ടപ്പെട്ടാൽ

തിരിച്ചെടുക്കാൻ കഴിയാത്ത

നിധിയാണ് സൗഹൃദം.”

കൂട്ടുകാർ, സുഹൃത്ത്,ചങ്ക്,

സഖി എന്നിങ്ങനെ എത്രയോ വാക്കുകൾകൊണ്ടാണ് നാം ഈ സൗഹൃദത്തെ വിവരിക്കുന്നത് .

ഒരു സുഹൃത്ത് നമ്മെ അച്ഛനെപ്പോലെ വഴക്ക് പറയുകയും അമ്മയെപ്പോലെ ലാളിക്കുകയും സഹോദരിയേപ്പോലെ കൂടെനിൽക്കുകയും എന്നാൽ കാമുകി കാമുകനേക്കാൾ നമ്മെ സ്നേഹിക്കുകയും ചെയ്യും ഒരു നല്ല സുഹൃത്ത് നമമുടെ ജീവിതത്തിൽ ഒരു വഴികാട്ടിയാകുന്നു ഇന്നത്തെ സമൂഹത്തിൽ സുഹൃത്തുക്കളുടെ പ്രാധാന്യം ഏറിവരികയാണ് ഇന്ന് നമ്മിൽ പലരും ഏറെ സമയവും സുഹൃത്തുക്കൾക്കൊപ്പം പങ്കിടുവാൻ ആഗ്രഹിക്കുന്നു സുഹൃത്തുക്കൾ ജീവിതത്തിലെ ഏറ്റവും വലിയനിധിയാണ് ,അവരെ ഒരിക്കലും തള്ളിക്കളയരുത് .

അഭിജിത് പി രാജ്

9B

# കാർഷിക മേഖല

സംസ്ഥാനത്തെ കർഷകരുടെ ജീവിതത്തിനുമേൽ ദുരന്തം കരിനിഴൽവീഴ്ത്തിയ വർഷമാണ് 2018 എന്നു പറയാം .അതിവർഷത്തിന് അകമ്പടിയായിഎത്തിയ ശക്തമായ കാറ്റും ഉരുൾപൊട്ടലും മണ്ണിടിച്ചിലും അനേകം കർഷകരുടെ ജീവനെടുക്കുകയും അവരുടെ ജീവനോപാധികൾ പൂർണമായി ഇല്ലാതാക്കുകയും ഭാവി ജീവിതം ചോദ്യചിഹ്നമാകുകയും ചെയ്തു. പച്ചകറി, വാഴ ,നെല്ല് ,കപ്പ ,നാണ്യവിളകൾ തുടങ്ങി അതിവർഷത്തിൽ നശിക്കാത്ത യാതൊരു വിളകളും സംസ്ഥാനത്തില്ല. ഏറ്റവും  കൂടുതൽ നാശനഷ്ടമുണ്ടായത് നെല്ല് ,വാഴതുടങ്ങിയ വിളകൾക്കായിരുന്നു . കതിരണിഞ്ഞ ഏക്കറുകണക്കിന് വയലേലകൾ കുത്തിയൊഴികിയെത്തിയ മലവെള്ളത്തിൽ മുങ്ങിപ്പോയി. കുട്ടനാട്ടിലും അപ്പർ കുട്ടനാടൻ മേഖലയിലും മാത്രം ഏകദേശം 10 ,495 ,ഹെക്റ്റർ പ്രദേശത്തെ നെൽകൃഷി നശിച്ചതായി  കണക്കാക്കപ്പെടുന്നു .സംസ്ഥാനത്ത് ഏകദേശം 48 ,000  ഹെക്റ്റർ തോട്ടങ്ങളെയെങ്കിലും പ്രളയം ബാധിച്ചിട്ടുണ്ടെന്നാണ് വിലയിരുത്തൽ .ഏലം ,കുരുമുളക് എന്നിവയും കനത്ത നാശം നേരിട്ടവയിൽ ഉൾപ്പെടുന്നു .തേയിലത്തോട്ടങ്ങളിൽ ഉൽപാദനം 50  ശതമാനത്തോളമാണ് കുറഞ്ഞത്

അഭിരാം എസ് ആർ
9 B



# കുടുംബം



ലോകത്ത് എല്ലാവർക്കും ഒരുപോലെ ഉള്ള ഒരു കാര്യമാണ് കുടുംബം എന്നത് . ലോകത്തെ എല്ലാ മനുഷ്യർക്കും കാണും കുടുംബവും , കുടുംബബദ്ധങ്ങളും .പക്ഷെ അനാദരയിട്ടുള്ളവർ അവരുടെ കുടുംബം ഏതാണെന്ന് അറിയുനഎന്നുമാത്രമാണ് .കുടുംബം എന്നത് രക്തബന്ധങ്ങൾ മാത്രമല്ല ,അത് ചിലപ്പോൾ ഒരാളുടെ ജീവിതത്തിൽ ഒരു വലിയ പങ്കുവഹിച്ചവരും ആകാം .അത് ചിലപ്പോൾ കൂട്ടുകാരാവാം, ഗുരുക്കൾ ആവാം, വളർത്തി ഒരു നിലയിലാക്കിയവരുമാവാം . അങ്ങനെ ഒത്തിരി പേർ. ഒരാൾ അവന്റെ ജീവിതത്തിലേക്ക് നോക്കുമ്പോൾ, അവന്റെ ജീവിതത്തിലെ ഏറ്റവും വലിയ സന്തോഷം അവന്റെ കുടുംബം തന്നെയാണ്. കുടുംബം എന്നാൽ ഒരാളുടെ ജീവിതത്തെ നയിക്കുന്ന ഒരു യന്ത്രമാണ്. അവ നമ്മൾക്ക് കരുത്ത് നൽകുകയും,നമ്മളെ ഉയരങ്ങളിൽ എത്തിക്കുകയും ചെയ്യുന്നു. പിന്നെ നമ്മളെ തെറ്റുകളിൽ നിന്ന് തിരുത്തുകയും നന്മയുടെ വഴി കാണിച്ചു തരുകയും ചെയ്യുന്നു. ഒരാളുടെ സ്വഭാവം വരെ കുടുംബങ്ങളിൽ നിന്നാണ് ലഭിക്കുന്നത്.കുടുംബത്തിന്റെ വില മനസിലാക്കുന്നവൻ അതിനെ ഒരിക്കലും വിട്ടുപിരിയാൻ ആഗ്രഹിക്കുകയില്ല.

ആദർശ് ആർ

9B

# ഞാൻ ഒരു പക്ഷിയായാൽ

ഞാനൊരു കൊച്ചുകിളിയായെങ്കിൽ

പാറിപ്പാറി നടന്നേനേ

മലയുടെ മുകളിൽ പുഴയുടെ മുകളിൽ

പാറിപ്പാറി നടന്നേനേ

ചക്കരമാവിൻ കൊമ്പിൽ നിറയെ

ചക്കരമാമ്പഴമുണ്ടല്ലോ

അവയെ കൊത്തി വിഴുങ്ങാനായ

ഞാൻ ഒരു കുയിൽ ആയങ്കിൽ

മാന്തോപ്പുകളിൽ  പൂങ്കാവുകളിൽ '

പാട്ടുംപാടി നടക്കും ഞാൻ !

മലയുടെ മുകളിൽ പുഴയുടെ മുകളിൽ

പാറിപ്പാറി നടന്നേനേ



ഗായത്രീ ജി കൃഷ്ണ

9 A

# അഗസ്ത്യമുനിയുടെ അഗസ്ത്യാർകൂടം

കേരളത്തിലെ രണ്ടാമത്തെ ഉയരം കൂടിയ മലയാണ് അഗസ്ത്യകൂടം. അഗസ്ത്യകൂടം അറിയപ്പെടുന്നത് അഗസ്ത്യാർകൂടം എന്നാണ്. ഈ മല കേരളത്തിന്റെ തലസ്ഥാനമായ തിരുവനന്തപുരത്തെ വന്യജീവി സങ്കേതമായ നെയ്യാറിൽ സ്ഥിതി ചെയ്യുന്നു. കേരളത്തിന്റെയും തമിഴ്നാടിന്റേയും ബോര്ഡറില് ആണ് ഈ മല. അഗസ്ത്യകൂടം മലയാളത്തിൽ 'അഗസ്ത്യമല' എന്നും തമിഴിൽ 'പത്തുഗായ് മല' എന്നുമാണ് അറിയപ്പെടുന്നത്. കേരളത്തിൽ ഏറ്റവും ഉയരം കൂടിയ മല ആനമുടിയാണ്, രണ്ടാം സ്ഥാനം അഗസ്ത്യ കൂടത്തിനും. ഈ മലയുടെ ഉയരം 1, 868 മീറ്ററാണ്. ധാരാളം വിനോദസഞ്ചാരികൾ എത്തുന്ന ഒരു വിനോദസഞ്ചാരകേന്ദ്രം കൂടിയാണ് അഗസ്ത്യമല. ഓരോ ദിവസവും ട്രക്കിങ്ങിനായി ധാരാളം വിനോദസഞ്ചാരികൾ ദൂരദേശങ്ങളിൽനിന്നും ഈ മലയിൽ എത്താറുണ്ട്.കേരളത്തിനകത്തും പുറത്തുമായി ആയിരകണക്കിന് വിശ്വാസികളും പരിസ്ഥിതി സ്നേഹികളും കൂട്ടമായി അഗസ്ത്യകൂടം സന്ദര്ശിക്കാനെത്തുന്നതും മഞ്ഞ് മൂടിയ മലനിരകൾ കണ്ട് വികാരഭരിതരായി മടങ്ങുന്നതും കാട്ടുമൃഗങ്ങളെ കണ്ട് സംതൃപ്തരാകുന്നതും പുതിയ അനുഭവങ്ങളായി മാറുന്നു. ആനമുടി കഴിഞ്ഞാൽ കേരളത്തിലെ ഏറ്റവും പൊക്കം കൂടിയ ഈ പർവ്വതത്തിന് സമുദ്രനിരപ്പിൽ നിന്നും 6700 ഓളം അടി ഉയരമുള്ളതാണ്.അപൂർവ സസ്യ ജന്തു ജാലങ്ങളും മലമടക്കുകളും നിറഞ്ഞ ഈ ഉൾവനം ലോകത്തിന്റെ ശ്രദ്ധപോലും നേടിയതാണ്. ഏറ്റവും പഴക്കം ചെന്ന വനമായി ഐക്യരാഷ്ട്ര സംഘടന വിലയിരുത്തിയ അഗസ്ത്യകൂടം ലോകത്തിലെ പൈതൃക വനമാണ്. മഴക്കാടുകൾ എന്നു വിശേഷിപ്പിക്കാവുന്ന ഈ കാടുകൾ അപൂർവമായി കാണപ്പെടുന്ന ഒന്നാണ്. അഗസ്ത്യമുനി തപസ് ചെയുന്ന എന്ന് വിശ്വസിക്കപ്പെടുന്ന അഗസ്ത്യകൂടം പുരാണങ്ങളിൽ പോലു പരാമർശിക്കപെടുന്നു.സിദ്ധവൈദ്യത്തിന്റെ ആചാര്യനായും തമിഴ് ഭാഷയുടെ ഉപജ്ഞാതാവായും അറിയപ്പെടുന്ന കുറിയ മുനി എന്നുവിളിക്കുന്ന കുംഭസംഭവൻ [അഗസ്ത്യമുനി ]തപസ്സ് ചെയ്ത ഈ കാട് കാണാനാണ് ഏറെപ്പേരും എത്തുന്നത്. മൂന്ന് നാൾ നീളുന്ന തീർത്ഥയാത്ര കഴിയുമ്പോൾ മനസിനും ശരീരത്തിനും കുളർമയും പുതിയ ഉന്മേഷവും ലഭിക്കും. യാത്രക്കാർക്കൊപ്പം വനംവകുപ്പിന്റെ ഗൈഡും ഉണ്ടാകും. അതിരുമലയിൽ തങ്ങി അവിടെ നിന്നും കയറ്റം കയറി അഗസ്ത്യമുടിയിൽ എത്തുക. ഏതുനിമിഷവും അന്തരീക്ഷം മാറി മറിയുന്ന അഗസ്ത്യമുടിയിൽ പലർക്കും ഏതാനും കഴിയില്ല. ഏഴിലം പൊറ്റ എന്നഭാഗത്താണ് അഗസ്ത്യമുനി തപസ്സ് ചെയ്യുന്ന എന്ന് കരുതുന്നത്. ഇവിടെ പോകാൻ പലർക്കും കഴിയില്ല. വർഷങ്ങൾക്കു മുൻപ് ഇവിടെ കയറാൻ ശ്രമിച്ച ഒരു ജർമ്മൻകാരൻ പാമ്പ് കടിയേറ്റ് മരിച്ചതോടെയാണ് ആരും പോകാതായത്. കടുവകളും പാമ്പുകളും നിറഞ്ഞ ഈഭാഗത്ത് ഔഷധ സസ്യങ്ങൾ ഒരുപാടുണ്ട്. മൃതസഞ്ജീവനി ഇവിടെയാണെന്നാണ് പുരാണങ്ങൾ പറയുന്നത്.



അപൂർവ്വയിനത്തിൽ പെട്ട സസ്യങ്ങളും ജന്തുക്കളും ഇവിടെയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഈ മലനിരകളിൽ നിന്നാണ് നെയ്യാറും കരമനയാറും ഉത്ഭവിക്കുന്നത്. തമിഴ്നാട്ടിലേക്കുള്ള 25 നദികളും ചുരത്തുന്നത് ഈ മലനിരകളാണ്. 1862 ൽ ഇവിടെ കാലാവസ്ഥ നിരീക്ഷണകേന്ദ്രം രാജകുടുംബം സ്ഥാപിച്ചിരുന്നു. പിന്നീട് അത് നശിച്ചുപോയി. ഒരിക്കൽ ബുദ്ധ സന്യാസിമാരുടെ താവളമായിരുന്നു ഇവിടം. അഗസ്ത്യമുനി തങ്ങളുടെ സന്യാസിവര്യനാണെന്ന് അവരുടെ ഗ്രന്ഥത്തിൽ പറയുന്നുണ്ട്. ഇക്കറി ബുദ്ധസന്യാസിമാരും ഇവിടെ എത്തും. അഗസ്ത്യമുനിയുടെ അനുഗ്രഹം തേടിയും കാടിന്റെ മാസ്മരികത തേടിയും എത്തുന്നവരെ കൊണ്ട് ഗ്രാമം\നിറയുകയാണ്

യമുന പി എസ്

9 A

# കായികരംഗം

തനതായ കായികസംസ്കാരം നൂറ്റാണ്ടുകൾക്കുമുമ്പേ കേരളം വളർത്തിയെടുത്തിരുന്നു  നാടൻകളികളും ആയോധനകലകളും ആധുനിക കായിക വിനോദങ്ങളെല്ലാം ചേർന്നതാണ് കേരളത്തിന്റെ കായികരംഗം . കളരിപ്പയറ്റാണ് കേരളത്തിന്റെ തനത് കായികകല നാടൻകളികളാൽ സമ്പന്നമായിരുന്നു ഒരിക്കൽ കേരളീയ ഗ്രാമങ്ങൾ ആധുനിക ജീവിതശൈലിയും കായിക വിനോദങ്ങളും നാടൻകളികൾ പലതിനെയും ലുപ്തപ്രചാരമാക്കിയിട്ടുണ്ടിപ്പോൾ നാട്ടുവിനോദങ്ങളുടെ ഭാഗമാണ് വള്ളംകളിയും

ഫുട്ബോൾ , വോളിബാൾ , അത്‌ലറ്റിക്സ് തുടങ്ങിയ ആധുനിക കായിക വിനോദങ്ങളിൽ ഇന്ത്യയിലെ വൻശക്തികളിലൊന്നാണ് കേരളം ഇന്ത്യ കണ്ട ഏറ്റവും മികച്ച അത്‌ലറ്റുകളിലൊരാളായ പി . ടി ഉഷ കേരളത്തിന്റെ സൃഷ്ടിയാണ്

അഭിനവ് കെ ബിനു



# മാലിന്യകേരളം

കേരളം ഒരുദിവസം പുറന്തള്ളുന്നത് ഉദ്ദേശം
10000 ടൺ മാലിന്യം.ഏതെങ്കിലും രീതിയിൽ സംസ്കരിക്കപ്പെടുന്നതും
പരമാവധി 5000 ടൺ മാലിന്യം
കേരളത്തിലങ്ങോളമിങ്ങോളം
ചിതറിക്കിടക്കുന്ന ഏതുനിമിഷവും
പൊട്ടിപുറപ്പെട്ടേക്കാവുന്ന
പകർച്ചവ്യാധികളിലേക്കുള്ള
തീക്കൊള്ളികളാണ നാം .
കവറിൽ കെട്ടി ഇങ്ങനെ വലിച്ചെറിയുന്നത് .
കേരളം നേരിടുന്ന ഏറ്റവും ഗുരുതരപ്രധിസന്ധി
മാലിന്യമാണെന്ന മാറിവരുന്ന സർക്കാരുകൾ
ഏറ്റുപറഞ്ഞിട്ടും മാലിന്യസംസ്കരണത്തിന ഫലപ്രദമായ മാർഗങ്ങൾ ഇനിയും
തുടങ്ങാൻ കഴിഞ്ഞിട്ടില്ല . വികേന്ദ്രികൃതമലിന സംസ്കരണ
ആശാവഹമാണെങ്കിലും ഇതിന്റെ പ്രയോഗികത ഇപ്പോഴും ചോദ്യചിഹ്നം




ദേവിക ജയൻ
9B




# ഡൽഹി മലിനീകരണം

ഡൽഹിയിലെ അന്തരീക്ഷ മലിനീകരണം വളരെ അപകടം നിറഞ്ഞതാണെന്നാണ് തലസ്ഥാനത്തെ ഡോക്ടർമാർ ഡൽഹിലെ അന്തരീക്ഷ മലിനീകരണത്തെ ഭീകരാവസ്ഥ കാണിക്കാൻ നഗരത്തിലെ ആശുപത്രിയിലെ മനുഷ്യശ്വസകോശത്തിന്റെ ഇൻസ്റ്റലേഷൻ സ്ഥാപിച്ച ഡൽഹിയിൽ കനത്ത ചൂടിനൊപ്പം വായൂ മലിനീകരണവും രൂക്ഷ അന്തരീക്ഷമലിനീകരണത്തിന്റെ തോത് കഴിഞ്ഞ മൂന്ന് ദിവസമായി പരിധിയിൽ അധികമാണ് കണ്ടുവരുന്നത് ഗണ്യമായി കുറഞ്ഞുപോയതിനാൽ അളവ് രൂക്ഷമായതോടെ ജനജീവിതവും ദുസ്സഹനീയമായിട്ടുണ്ട അന്തരീക്ഷമലിനീകരണം രൂക്ഷമായതോടെ ജനങ്ങളോട് പരമാവധി വീട്ടിൽത്തന്നെയിരിക്കാൻ ആവിശ്യപെട്ടിട്ടുണ്ട് മലിനീകരണം രൂക്ഷമായതോടെ അന്തരീക്ഷച്ചൂട് തങ്ങിനിൽക്കുകയാണ് അടിയന്തര നടപടിയായി ഞാറാഴ്ച വരെ നഗരത്തിലെ നിർമാണ പ്രവർത്തനങ്ങൾ നിർത്തിവായിക്കാൻ തീരുമാനിച്ചിട്ടുണ്ട് നഗരകേന്ദ്രങ്ങളിൽ വെള്ളം തളിക്കാനും തീരുമാനമായിട്ടുണ്ട് ഡൽഹിയിലെ അന്തരീഷകരണം 20 സിഗരറ്റ് വലിക്കുന്നതിന്ന് തുല്യമാണെന്നും വിദക്തർ അറിയിച്ച ഇതുമൂലം പലതരം അസുഖങ്ങൾ ഉണ്ടാകുന്ന പ്രദാനവയും കാൻസർ സിറോസിസുകൾ തുടങ്ങയവയാണ് അതിനാൽ ഡൽഹിയിൽ ഓക്സിജൻ പാർലർ സ്ഥാപിച്ച.

രാജലക്ഷ്മി രാജേഷ്
9 A





# കുഞ്ഞുണ്ണി മാഷ്

കുഞ്ഞുണ്ണി മാഷ് തൃശ്ശൂർ ജില്ലയിലെ വലപ്പാട് എന്ന ഗ്രാമത്തിലാണ് ജനിചത് ഞായപ്പള്ളി ഇല്ലത്ത് നീലകണ്ഠന്റെയും അതിയരത്ത് നാരായണിയമ്മയുടെയും മകനായി 1927 മെയ് 10 ന് ജനിച്ച .ചേലരി സ്കൂളിലെ അദ്ധ്യാപകനായിട്ടായിരുന്ന അദ്ദേഹത്തിന്റെ തുടക്കം. 1953 -ൽ കോഴിക്കോട് ജില്ലയിലെ സേവാശ്രമ ഹൈ സ്കൂളിൽ രാമകൃഷ്ണ മിഷനിൽ അദ്ദഹം ഒരു അംഗമായി അണിചേർന്നു. അദ്ദഹം ആശ്രമത്തിലെ ഒരു അന്തേവാസി ആയിരുന്നു ഹോസ്റ്റലിൽ താമസിച്ചിരുന്ന ആൺക്കുട്ടികളുമായി അദ്ദഹം കൂടുതലായി അടുത്തിരുന്നു. 1982 -ൽ അദ്ദഹം അദ്ധ്യയാപകന്റെ പദവിയിൽ നിന്നും വിരമിച്ചു. അദ്ദഹം താമസിച്ചിരുന്നത് ആശ്രമത്തിലായിരുന്നു. എന്തെന്നാൽ ആഡംബരമില്ലാത്തതും ലളിതവുമായിരുന്ന ജീവിതമാണ് അദ്ദഹം നയിച്ചിരുന്നത്. ശാരീരിക ബുദ്ധിമുട്ടുകൾ മൂലം അദ്ദഹം സ്വന്തം ജില്ലയിലേക്ക് വിരമിച്ചു, കുഞ്ഞുണ്ണി മാഷ് മരിച്ചത് അദ്ദഹത്തിന്റെ സ്വന്തം തറവാട്ടിൽ വച്ചായിരുന്നു.

അവാർഡുകൾ

.കേരള സാഹിത്യ അക്കാദമി അവാർഡ് (1974 ;1984 )
.സംസ്ഥാനതല ബാലസാഹിത്യ അവാർഡ് (1982 )
.സാഹിത്യ സംഭാവനകൾ മുഴുവൻ പരിഗണിച്ചുകൊണ്ടുള്ള അവാർഡ് (1988 )
.വാഴക്കുന്നം അവാർഡ് (2002 )
.വി .എ . കേശവൻ നായർ അവാർഡ് (2003 )
.ടോമിസ് അവാർഡ്

കുഞ്ഞുണ്ണിക്കവിതകൾ



.കുഞ്ഞുണ്ണിക്കൊരു മോഹം
എന്നും കുഞ്ഞായിട്ടു രമിക്കാൻ
കുഞ്ഞുങ്ങൾക്കു രസിച്ചീടുന്നൊരു
കവിയായിട്ടു മരിക്കാൻ

.ജീവിതം നല്ലതാണല്ലോ
മരണം ചിത്തയാകയാൽ

.ഒരു വളപ്പൊട്ടുണ്ടെൻ കയ്യിൽ
ഒരു മൈൽപ്പീലിയുണ്ടെന്നുള്ളിൽ
വിരസ നിമിഷങ്ങൾ സരസമാകുവാ -
നിവ ധാരാള മാണെനിക്കെന്നും

.ഞാനെന്റെ മീശ ചുമന്നതിന്റെ
കൂലി ചോദിക്കാൻ
താനെന്നോടു ചെന്നപ്പോൾ
താനെന്ന തല്ലുവാൻ  വന്നു

ശ്രീലക്ഷ്മി വി .എ
9 എ

**പുസ്തക വിവരണം**

# പുരാണകഥകളിലെ ജീവിതപാഠങ്ങൾ

ഞാൻ വായിച്ചത് 'പുരാണകഥകളിലെ ജീവിതപാഠങ്ങൾ' (NBS) എന്ന പുസ്തകമാണ്. നമ്മുടെ പ്രിയപ്പെട്ട ഗുരുനാഥൻ രാജേഷ് .കെ . പുതുമനയാണ് ഈ പുസ്തകം രചിച്ചത്. (അദ്ദഹം 1970 -ൽ പത്തനംത്തിട്ട ജില്ലയിലെ റാന്നിയിൽ ജനിച്ചു. പിതാവ് - പി. ആർ. കരുണാകരൻ നായർ മാതാവ്- സരോജിനിയമ്മ. പത്തനംത്തിട്ട കാതോലിക്കേറ്റ് കോളേജിൽ നിന്നും ഹിന്ദി സാഹിത്യത്തിൽ ബിരുദാനന്തരബിരുദവും കാലടി സംസ്കൃതസർവ്വകലാശാലയിൽ നിന്നും എം .എഡും നേടി. സർവകലാശാലാതലത്തിൽ മൂന്നു തവണ 'കലാപ്രതിഭ ' ആയിരുന്നു. "അറിയാം ആചരിക്കാം " അടക്കം 5 പുസ്തകങ്ങൾ പ്രസിദ്ധികരിച്ചിട്ടുണ്ട് പുരാണ കഥകളിൽ നിന്ന് തിരഞ്ഞെടുത്ത ശ്രദ്ധേയങ്ങളായ ജീവിത പാഠങ്ങളെ അവതരിപ്പിക്കുകയാണ് രാജേഷ്.കെ . പുതുമന. പുരാണകഥകൾ എന്നും പാഠങ്ങളാണ്. പുരാണങ്ങളിൽ നിന്നുമുള്ള രംഗങ്ങൾ അവതരിപ്പിക്കുകയാണ് ഇവിടെ സന്ദർഭോചിതമായ ഉദാഹരണമായി ഉപയോഗപ്പെടുത്തുന്നതിനും ജീവിത്തിൽ ചേർത്തുവയ്ക്കാനമാകുന്ന ചില ജീവിതപാഠങ്ങളാണ് ഇത്. പുരാണങ്ങളിൽ നിന്ന് തിരഞ്ഞെടുത്ത 15 ജീവിതപാഠങ്ങൾ ഇവിടെ തന്നിട്ടുണ്ട്. അദ്ദഹം രചിച്ചിട്ടുള്ള ഓരോ കഥയ്ക്ക് ശേഷം നല്ലനല്ല സന്ദേശങ്ങൾ അദ്ദഹം നമുക്ക് തരുന്നു. എനിക്ക് ഇതിൽ ഏറ്റവും ഇഷ്ട്ടപെട്ടത് 'അപൂർവമായി അവശഷിപ്പിക്കരുതൊന്നും' എന്ന കഥയാണ്. കാരണം അവിടെ ഭഗവാൻ ശ്രീ കൃഷ്ണനെക്കുറിചാണ് പറയുന്നത്. ശ്രീ കൃഷ്ണന്റെ സ്വർഗ്ഗാരോഹണത്തെ പറ്റിയാണ് അവിടെ പറയുന്നത്.



**അദ്വൈത് അനിൽ**
7 A

# ജീവനൊടുക്കും നിപ്പാവയറസ്

നിപ്പായറസ് അഥവാ ഹെനിപ്പവയറസ് ജീനസിലെ ഒരു ആർ.എൻ. വൈറസ് ആണ്. മൃഗങ്ങളേയും  മനുഷ്യരേയും ബാധിക്കുന്ന ഈ വൈറസ് മൂലമുണ്ടാകുന്ന പകർച്ചവ്യാധി രോഗികളുടെ മരണത്തിന് വരെ കാരണമാകുന്നു. കേരളത്തിൽ  2018 മെയ് മാസത്തിൽ നിപ്പാവൈയറസ്ബാധ പൊട്ടിപ്പുറപ്പെട്ടു. മലേഷ്യയിലെ സുന്ദകായ് നിപ്പസ്ഥലത്താണ് ഈ ബാധ പൊട്ടിപ്പുറപ്പെട്ടത്, അതിനാലാണ് ഈ രോഗത്തിന് നിപ്പ എന്ന് പേരുവന്നത്.മനുഷ്യരിൽ നിന്ന് മനുഷ്യരിലേക്കോ മൃഗങ്ങളിൽ നിന്ന് മൃഗങ്ങളിലേക്കോ മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്കോ ഇത് പകരാം.

2018 മെയ്മാസത്തിൽ കേരളത്തിലും നിപ്പാവൈറസ് ബാധിച്ചു.പഴം കഴിക്കുന്ന വൗവലിൽ നിന്നാണ് രോഗം മനുഷ്യരിലേക്കപകരുന്നത്.മലേഷ്യയിൽ കമ്പുങ് ഗ്രാമത്തിൽ 1998 ൽ ആണ് നിപ്പാവൈറാസ് സ്ഥിതീകരിച്ചത്.വൈറസ് ബാധ ഉണ്ടായാൽ 5 മുതൽ 14 ദിവസം വരെയാണ് ഇൻകുബേഷൻ പീരീഡ്.പനി, തലവേദന, തലകറക്കം,ബോധക്ഷയം മുതലായവയാണ് ലക്ഷണങ്ങൾ.ഈ രോഗം തിരിച്ചറിയാൻ സമയമെടുക്കും.

ADHITHYA SURESH
9A



# കാടെവിടെ മക്കളെ

രേഖകൾ പ്രകാരം കേരളത്തിൽകാടിന്റെ വിസ്തൃതി വർധിക്കുന്നുണ്ടെങ്കിലും വനനാശം വ്യാപകമാകുന്നുവെന്ന് വിദക്തർ പരാമർശിക്കുന്നുണ്ട് .പ്രതിവർഷം ശരാശരി 3000 ഹെക്ടർ കാട് കാട്ടുതീമൂലം നശിക്കുന്നു 2009 മുതൽ 2014 വരെ നശിച്ചത് 18 170 ഹെക്ടർ കാട്ടുവിട്ട് വന്യജീവികൾ വെള്ളവും പച്ചത്തീറ്റയും തേടി മനുഷ്യവാസകേന്ദ്രങ്ങളിലേക്കിറങ്ങുന്നത് വ്യാപകമായി

കേരളത്തിന്റെ ആവാസവ്യവസഥ സംരക്ഷിക്കുന്നതിൽ നിർണ്ണായകപങ്ക് വഹിക്കുന്ന പശ്ചിമഘട്ടം നേരിടുന്ന പ്രധാന ഭീഷണികളിലൊന്ന് അനധികൃതക്വാറികളാണ് പാറയും മണലുമൊക്കെ കടത്തുമ്പോൾ വലിയൊരു പാരിസ്ഥിതിക ഭിഷണി കൂടിയാണ് നാം സൃഷ്ടിക്കുന്നത് കേരളത്തിൽ 5924 കരിങ്കൽ ക്വാറികൾ പ്രവർത്തിക്കുന്നുണ്ടെന്നും ഇതിൽ 354 എണ്ണം ഭൂകമ്പമേഖലയുടെ ഒരു കിലോമീറ്റർ പരിധിക്കകത്താണെന്നും കേരള വനഗവേഷണ കേന്ദ്രം മുന്നറിയിപ്പ്നൽകുന്ന 3000 ക്വാറികൾ പ്രവർത്തിക്കുന്നുന്നത് അനുമതിയില്ലാതെയാണെന്നും നിയമസഭാ പരിസ്ഥി സമിതി റിപ്പോർട്ടിലുണ്ട്

അഭിരാമി പ്രസാദ്
IX ബി



# വംശനാശം

ഭൂമിയിൽ ഇന്നുനേരിടുന്ന ഒരു വലിയ പ്രശ്നമാണ് വംശനാശഭീഷണി .മൃഗങ്ങൾ പലകാരണങ്ങളാൽ വംശനാശം സംഭവിക്കുന്ന ഇന്നുപല മൃഗങ്ങളെയും വംശനാശഭീഷണി നേരിടുന്ന അല്ലെങ്കിൽ മനുഷ്യൻറെ സ്വാദിനത്താൽ സംഭവിക്കുന്ന

വംശനാശം സംഭവിക്കുന്നതിന് ചില കാരണകൾ

പ്രകൃതിശക്തികൾ മനുഷ്യന്റെ ഇടപെടൽ ഹാബിറ്റാറ്റിന്റ നഷ്ടം തുടങ്ങിയവയാണ് പ്രകൃതിയുടെ ഭാഗമായ പലകാലഘട്ടങ്ങളിലും വംശനാശം സംഭവിച്ചുകഴിഞ്ഞു പ്രധാനമായതാണ് ദിനോസറുകളുടെ വംശനാശം ഇന്ന് മനുഷ്യരിൽ പരിസ്ഥിതി വാദികളും വംശനാശ പ്രവണത പുലർത്തുന്നുണ്ട് മനുഷ്യന്റെഇടപെടൽ പ്രകൃതിയിൽ സംഭവിക്കാവുന്ന കാര്യങ്ങളേക്കാളും വംശനാശം സംഭവിച്ചതിന്റെ തിരക്ക് വർധിച്ചിരിക്കുകയാണ് കൂടുതൽനാശനഷ്ടങ്ങൾ ഗ്രഹത്തിന്റെ ജൈവവൈവിധ്യം കുറക്കുകയും ഭൂമിയിലെ എല്ലാ ജീവജാലങ്ങളെയും പ്രതികൂലമായി ബാധിക്കുകയും ചെയ്യും ഭക്ഷണത്തിനൊപ്പം മൃഗങ്ങൾ പലപ്പോഴും ശരീരഭാഗങ്ങൾ രോമങ്ങൾ കൊമ്പുകൾ എന്നിവക്കുവേണ്ടി അതിനൽചിലമൃഗങ്ങൾ വംശനാശഭീഷണി നേരിടുന്ന ജീവവർഗമായി വർത്തിക്കുന്നു



അദ്വൈത്.ആർ
9 B


# വൈക്കം മുഹമ്മദ് ബഷിർ

1908 ജനവരി 21 -ന് തിരുവിതാങ്കൂറിലെ (ഇപ്പോഴത്തെ കോട്ടയം ജില്ലയിലെ വൈക്കം താലൂക്കിൽ ഉൾപ്പെട്ട )തലയോലപ്പറമ്പ് ഗ്രാമത്തിൽ ജനിച്ചു .പിതാവ് കായി അബ്ദുറഹ്മാൻ മാതാവ് കുഞ്ഞാത്തുമ്മ പ്രാഥമിക വിദ്യാഭ്യാസം തലയോലപ്പറമ്പിലെ മലയാളം പള്ളിക്കുടത്തിലും വൈക്കം ഇംഗ്ലീഷ് സ്കൂളിലും

രസകരവും സാഹസികവുമായിരുന്ന ബഷിറിന്റെ ജീവിതം

സ്കൂള്പഠനകാലത്ത് (5 -ക്ലാസ്)കേരളത്തിലെത്തിയഗാന്ധിജിയെ കാണാൻ വീട്ടിൽനിന്നും ഒളിച്ചോടിയതാണ് ബഷിറിന്റെ ജീവിതത്തിലെ വഴിത്തിരിവായത് "പ്രഭ "എന്ന തൂലികാനാമമാണ് അന്നദ്ദേഹം സ്വികരിച്ചിരുന്നത് ബഷിറിന്റെ ജീവിതം തന്നെ ആണ് അദ്ദേഹത്തിന്റെ സാഹിത്യം എന്ന് പറയാം ഇതുപോലെ സ്വാതന്ത്രമായിലോകസഞ്ചാരം നടത്തിയ എഴുത്തുകാർ മലയാളസാഹിത്യത്തിൽ വിരളമാണെന്ന് പറയാം ലോകം ചുറ്റുന്നതിനിടയിൽ കണ്ടെത്തിയ ഒട്ടേറെ ജീവിത സത്യങ്ങൾ അദ്ദേഹത്തിന്റെ കൃതികളിൽ കാണാം പത്മനാഭ പൈ പത്രാധിപരായിരുന്ന' ജയകേസരിയിൽ' പ്രസിദ്ധികരിച്ച "തങ്കം ആണ് ആദ്യം പ്രസിദ്ധികരിച്ച കഥ 1994 ജൂലൈ 5 ന് വൈക്കം മുഹമ്മദ് ബഷീർ അന്തരിച്ചു

ശിവപ്രിയ .എസ്
9A



# അന്തരീക്ഷ മലിനീകരണം

അന്തരീക്ഷത്തിൽ വിഷവാതകങ്ങളും പുകയും മറ്റുപദാർത്ഥങ്ങളും കലരുന്നത് മൂലം ഉണ്ടാകുന്ന മലിനീകരണമാണ് അന്തരീക്ഷ മലിനീകരണം .ഭൗമോപരിതലത്തിനു സമീപത്തുള്ള അന്തരീക്ഷ പാളിയായ troposperilanu സാധാരണയായി വിഷവാതകങ്ങൾ ലയിക്കുന്നത് .സാധാരണ ഗതിയിൽ ഏതാനും മണിക്കൂറുകൾക്കുള്ളിലോ ദിവസങ്ങൾക്കുള്ളിലോ ഈ മാലിന്യങ്ങൾ അന്തരീക്ഷത്തിന്റെ ഉയർന്ന വാതകങ്ങളിലേക്ക് വിലയനം ചെയ്യുകയോ മഴയിലൂടെ താഴേക്ക് നിപ്തിക്കുകയോ ചെയ്യുന്നു .ഇപ്രകാരം tropospere സ്വയം ശുദ്ധീകരിക്കപ്പെടുന്നു .troposperinu മുകളിലുള്ള stratrospereil വായുവിന്റെ ചലനം കുറവായതിനാൽ അവിടെ മാലിന്യങ്ങൾ വര്ഷങ്ങളോളം നശിക്കാതെ കിടക്കും .അതിനാൽ stratospereaaril മാലിന്യങ്ങൾ അടിഞ്ഞുകൂടുന്നത് ആപത്കരമാണ് .

# ശബ്ദമലിനീകരണം

ഒച്ച എന്നതിന്റെ നിർവചനം തന്നെ ആവശ്യമില്ലാത്ത ശബ്ദം എന്നതാണ് .വായു മലിനീകരണത്തിന്റെ സുപ്രധാന ഘടകം ശബ്ദത്തിൽ നിന്നുള്ള മലിനീകരണമാണ് .ശബ്ദം വായുവിലൂടെ സഞ്ചരിക്കുന്നു .ചുറ്റും വ്യാപിച്ചിരിക്കുന്ന വായുവിന്റെ ഗുണതങ്ങളെ ആസ്പദമാക്കിയാണ് അത് അളക്കുന്നത് .ശബ്ദത്തിന്റെ തോത് ഡെസിബിൾ ആണ് .90 ഡെസിബിൾ കൂടുതലും തുടർച്ചയായ ശബ്ദം കേൾവിനാശത്തിനും നാഡീവ്യൂഹത്തിൽ സ്ഥിരമായ മാറ്റങ്ങൾക്കും കാരണമാകാമെന്നു വിദഗ്ദ്ധർ വിശ്വസിക്കുന്നു .തുടർച്ചയായ ശബ്ദം കോളസ്ട്രോൾ നില ഉയർത്തുകയും രക്തവാഹിനി കുഴലുകളുടെ സ്ഥിരമായ മുറുക്കത്തിനും ഹൃദായാഘാതത്തിനും പക്ഷാഘാതത്തിനും കാരണമാവുകയും ചെയ്യുന്നു .ഉയർന്ന ശബ്ദം ഞരമ്പ് രോഗത്തിനും ഞരമ്പുകൾ പൊട്ടുന്നതിനും കാരണമാകുന്നുവെന്ന് ആരോഗ്യ വിദഗ്ധർ അഭിപ്രായപ്പെടുന്നു .

**നിള ബൈജു**

**9 A**

# വിവേക ശീലം വളർത്തുക

നമ്മളെത്ര രാത്രിയും പകലും കടന്നുപോയി .എന്നാൽ നമ്മൾ വായനയുടെ ലോകത്തേക്കാണോ പോയത് .

"വായിച്ചാൽ വളരും വായിച്ചില്ലെങ്കിലും വളരും

വായിച്ചുവളർന്നാൽ വിലയും വായിക്കാതെ വളർന്നാൽ വളയും "

എന്ന കുഞ്ഞുണ്ണി മാഷിന്റെ ഈ വരികൾ നമ്മൾ വായനക്കാർ മറക്കരുത് .മലയാളികളിൽ പലർക്കും ഇന്ന് നമ്മുടെ മലയാളം വായിക്കാനും എഴുതാനും അറിയില്ല.ഇന്നത്തെ കാലത്തെ കുട്ടികൾക്ക് വായന കുറഞ്ഞുവരുന്ന എന്ത് കൊണ്ടാണ് ?ഇന്ന് സാങ്കേതിക വിദ്യകളുടെ കടന്ന കയറ്റം മൂലം കുട്ടികളിൽ വായനാ ശീലം കുറഞ്ഞു അജ്ഞാനത്തിലേക്കു നയിക്കപ്പെടുന്നു .മയക്കുമരുന്നുകൾക്കും ,മതപാനത്തിനും അടിമകളായിരുന്ന ഇന്നത്തെ സമൂഹം .അതിൽ 100-ൽ 4 ം ശതമാനം ആൾക്കാർ മാത്രമേ വായനയുടെ ലോകം തുറന്നിട്ടുള്ളു .അവരൊക്കെ ഇന്നത്തെ തലമുറയിലെവലിയ ആദരണീയരാണ് .അവർക്കറിയാം അറിവാണ് മൂലയാമെന്ന .കുട്ടികളാണ് നാളെയുടെ സ്വത്തു എന്ന് മനസ്സിലാക്കുക .ഒരു രസത്തിനു പരിശീലിക്കുന്ന സിഗരറ്റുവലി ,മദ്യപാനം ,മയക്കുമര്ഋന്നു പിന്നെ വിദ്യാർത്ഥിരാഷ്ട്രീയം ഇവയൊക്കെ ആദ്യം അവനെ രസിപ്പിച്ചു മായ്ക്കുന്നു .പിന്നെ പിന്നെ അവൻ അതിന്റെ ഉരുക്കു മുഷ്ടിയിൽ ഞെരുങ്ങുന്നു .ഒരിക്കലും മോചനമില്ലാതെ.അതുകൊണ്ടു സ്നേഹമുള്ള കുഞ്ഞുങ്ങളെ ,സ്കൂൾ വിദ്യാഭ്യാസ കാലം മുതൽതന്നെ വിവേകത്തോടും ആത്മനിയന്ത്രണത്തോടും,ബുദ്ധിയോടും കൂടി ജീവിക്കാൻ പഠിക്കുക .പരീശീലനം നേടുക.


അജ്ഞലി പി.എ
8 A

# എൻെറ ബാല്യം

ഒരു ളുവൽ സ്പർശം പോൽ എന്നെ തഴുകി
കൈയ്യെത്താ ദൂരത്തേക്ക് നീ മറഞ്ഞു
അമ്മതൻ നെഞ്ചിൽ ചൂടുപറ്റിയ ബാല്യം
അത്ഭുതത്തോടെ ലോകത്തെ വീക്ഷിച്ച കാലം
മുത്തശ്ശിക്കഥകളെ സ്നേഹിച്ച ബാല്യം
അണയാത്ത ഓർമയാണ് എന്റെ ബാല്യം
പിച്ചവച്ചനാൾ മുതൽ കൊച്ചുസ്വപ്നങ്ങളുമായി നടക്കുന്ന ബാല്യം
അക്ഷരമുറ്റത്തേക്ക് എന്നെ കൈപിടിച്ചുയർത്തിയപ്പോൾ
എൻ പ്രിയ ബാല്യം മനസ്സിൻ കോവിലിൽ ഓർമയായി മാറി
ജീവിതത്തിൽ വസന്തമാം ബാല്യം.....ഒരിക്കൽക്കൂടി
സ്നേഹപ്പൂഷ്പമായി എന്നിൽ വിടർന്നെങ്കിൽ ............



**ബിജിൻ പി. ബിജു**
**9 B**


MATA
AMRITANANDAMAYI
MATH
श्रद्धावान् लभते ज्ञानम्